	2009-10	-	1661.80 ലക്ഷം രൂപ
	ആകെ	-	3290.315 ലക്ഷം രൂപ
(സി)	2006-07	-	345.515 ലക്ഷം രൂപ
	2007-08	-	1703.87 ലക്ഷം രൂപ
	2008-09	-	1244.28 ലക്ഷം രൂപ
	2009-10	-	841.65 ലക്ഷം രൂപ
	ആകെ	-	4135.315 ലക്ഷം രൂപ

(ഡി) കാസർഗോഡ് മത്സ്യബന്ധന തുറമുഖം നിർമ്മിക്കുന്നതിന് ആർ. കെ. വി. വൈ. സ്കീമിൽ ഉൾപ്പെടുത്തി 2975 ലക്ഷം രൂപയുടെ അനുമതി ലഭിച്ചു. 2008-09, 2009-10 എന്നീ വർഷങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 600 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്. 2010-2011 വർഷത്തെ നിർമ്മാണ പ്രവർത്തനത്തിനായി 10 കോടി രൂപ അനുവദിച്ചിട്ടുണ്ട്. തുക ലഭ്യമായിട്ടില്ല.

ചെറുവത്തൂർ തുറമുഖം

211 (4835) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ചെറുവത്തൂർ തുറമുഖത്തിന്റെ പ്രവർത്തനം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

ചെറുവത്തൂർ മത്സ്യബന്ധന തുറമുഖത്തിന്റെ പ്രധാന ഘടകങ്ങളായ പുലിമുട്ടുകൾ, വാർഫ്, ലേലപ്പുര, പ്രൊട്ടക്ഷൻബണ്ട് എന്നീ പ്രവൃത്തികൾക്കായി മുൻ യോഗ്യതാനിർണ്ണയ ദർഘാസുകൾ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ ലഭിച്ചിട്ടുള്ള ദർഘാസുകൾ പരിശോധിച്ചുവരുന്നു. ടെണ്ടറുകൾ പരിശോധിച്ച് അംഗീകാരം നൽകിയതിനുശേഷം പ്രവൃത്തി ആരംഭിക്കുന്നതാണ്.

പരപ്പനങ്ങാടി മിനി ഫിഷിംഗ് ഹാർബർ

212 (4836) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരപ്പനങ്ങാടി മിനി ഫിഷിംഗ് ഹാർബർ, സ്ഥാപിക്കുന്നതിനു വേണ്ടി പഠനം പൂർത്തിയായ സ്ഥിതിക്ക് നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങാനുള്ള നടപടികൾ ഏതുഘട്ടം വരെയായിയെന്ന് വ്യക്തമാക്കുമോ ;

(ബി) എന്നത്തേയ്ക്ക് പ്രസ്തുത ഹാർബറിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിക്കുവാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പരപ്പനങ്ങാടി ഫിഷറി ഹാർബറിന്റെ മാതൃകാപഠനം പൂനെയിലുള്ള CWPRS (Central Water & Power Research Station) എന്ന സ്ഥാപനം പൂർത്തീകരിച്ചുവരുന്നു. അന്തിമ റിപ്പോർട്ട് ഇതുവരെ ലഭിച്ചിട്ടില്ല. പ്രസ്തുത ഹാർബർ നിർമ്മിക്കുന്നതുമൂലം പരിസ്ഥിതിയിലുണ്ടാകുന്ന പ്രത്യാഘാതങ്ങളെ കുറിച്ചുള്ള പഠനത്തിനും പരിസ്ഥിതി മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുന്നതിനും M/s. Envirochem Laboratories എന്ന സ്ഥാപനവുമായി ഇതിനകം തന്നെ കരാറിലേർപ്പെട്ടിട്ടുണ്ട്.

(ബി) CWPRS-ൽ നിന്നും അന്തിമ റിപ്പോർട്ട് ലഭിച്ചാലുടനെ പദ്ധതിയുടെ വിശദമായ രൂപരേഖ (പ്രോജക്ട് റിപ്പോർട്ട്) തയ്യാറാക്കി പരിസ്ഥിതി വകുപ്പിന്റെ ക്ലിയറൻസിനായി സമർപ്പിക്കുന്നതാണ്.

അരൂർ മണ്ഡലത്തിൽ നടത്തിയ വികസന പ്രവൃത്തികൾ

213 (4837) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അരൂർ മണ്ഡലത്തിൽ ഈ സർക്കാർ വന്നശേഷം ഫിഷറീസ്, ഹർബർ എഞ്ചിനീയറിംഗ് വകുപ്പുകൾ നടത്തിയ വികസന പ്രവൃത്തികൾ വർഷം തിരിച്ച് വിശദമാക്കുമോ ;

(ബി) അന്ധകാരനഴിയിൽ പുലിമുട്ട് നിർമ്മാണം എവിടെവരെയായെന്ന് വെളിപ്പെടുത്തുമോ ;

(സി) ഇവിടെ ഫിഷ് ലാന്റിംഗ് സെന്റർ സ്ഥാപിക്കുന്നതിനുള്ള നടപടിയുടെ പുരോഗതി വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഫിഷറീസ് വകുപ്പു മുഖേന താഴെ പറയുന്ന വികസന പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്.

വർഷം	പദ്ധതി	ചെലവഴിച്ച തുക
2007-08	മത്സ്യത്തൊഴിലാളി വനിതകളുടെ ഗ്രൂപ്പുകൾക്ക് സാമ്പത്തിക ശാക്തീകരണത്തിന് ധനസഹായം	1,40,000.00
2007-08	സുനാമി അടിയന്തര സഹായ പദ്ധതി	6,25,116.00
2007-08	ഐ.ടി. കിയോസ്കുകൾ	5,94,112.00
2008-09	മത്സ്യകേരളം പദ്ധതി	5,74,270.00

LIBRARY ARCHIVES Kerala Legislative Assembly